## ദാവീദിന്റെ സന്തതി ദൈവപുത്രനായിത്തീരുന്നു

**I. പ്രവൃത്തികൾ 13-ൽ ദാവീദിന്റെ സന്തതിയിൽനിന്ന് "ദൈവം, വാഗ്ദത്തപ്രകാരം, യേശു എന്ന രക്ഷകനെ യിസ്രായേലിന് കൊണ്ടുവന്നു" എന്നും (വാ. 23), "'നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയർപ്പിക്കുന്നതിൽ.... പൂർണമായി നിവർത്തിച്ചിരിക്കുന്നു" എന്നും (വാ. 33) പൗലൊസ് പറഞ്ഞു**

- ദൈവത്തിന്റെ ആദ്യജാതനെന്ന നിലയിൽ ക്രിസ്തു പിതാക്കന്മാർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടു, യേശുവിനെ ഉയിർപ്പിച്ചതിലൂടെ ദൈവം ഈ വാഗ്ദത്തം നിറവേറ്റി.
- പുനരുത്ഥാനം മനുഷ്യനായ യേശുവിന് ഒരു ജനനമായിരുന്നു: നിത്യത മുതൽ അവൻ ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു. അവന്റെ ജഡാവതാരത്തിനുശേഷം, ദൈവത്തിന്റെ ആദ്യജാതനായ പുത്രനാകുവാൻ പുനരുത്ഥാനത്തിലൂടെ അവന്റെ മനുഷ്യത്വത്തിൽ അവൻ ദൈവത്താൽ ജനിപ്പിക്കപ്പെട്ടു.
- സങ്കീർത്തനം 2:7-ൽ കർത്താവിന്റെ പുനരുത്ഥാനത്തെ പൗലൊസിന് കാണുവാൻ കഴിഞ്ഞു: "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു."
- ജഡാവതാരത്തിലൂടെ ദൈവത്തിന്റെ ഏകജാതനായ പുത്രൻ മനുഷ്യത്വം ധരിക്കുകയും ദൈവമനുഷ്യനായി ത്തീരുകയും ചെയ്തു; അതിനുശേഷം പുനരുത്ഥാനത്തിൽ ഈ ദൈവ-മനുഷ്യൻ അവന്റെ ആദ്യജാതനാകുവാൻ ദൈവത്തിൽനിന്ന് ജനിച്ചു.
- ജഡാവതാരത്തിനുമുമ്പ് ദൈവത്തിന്റെ ഏകജാതനായ പുത്രന് മനുഷ്യപ്രകൃതം ഉണ്ടായിരുന്നില്ല; അവന് ദിവ്യ പ്രകൃതം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുനരുത്ഥാനത്തിൽ ദൈവത്തിന്റെ ആദ്യജാതനായ പുത്രന് മനുഷ്യപ്രകൃതവും ദിവ്യപ്രകൃതവും ഉണ്ട്.
- തന്റെ പുനരുത്ഥാനത്തിലൂടെ ക്രിസ്തു ആദ്യജാതനായ പുത്രനാകുവാൻ ജനിപ്പിക്കപ്പെട്ടു, അതേ സമയം അവന്റെ എല്ലാ വിശ്വാസികളും ദൈവത്തിന്റെ അനേകം പുത്രന്മാരാകുവാൻ ജനിപ്പിക്കപ്പെട്ടു.

## നാം ദൈവപുത്രന്മാരായി നിയുക്തരാക്കപ്പെടുവാൻ അവനെ അറിയുക, അനുഭവമാക്കുക ആസ്വദിക്കുക

**II. തന്റെ പുനരുത്ഥാനത്തിൽ ക്രിസ്തു അവന്റെ മനുഷ്യ പ്രകൃതത്തോടുകൂടെ ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടുവെന്ന് നാം അറിയേണ്ടതാവശ്യമാണ്**

റോമർ 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,
4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

- തന്റെ ജഡാവതാരത്തിനും പുനരുത്ഥാനത്തിനും മുമ്പ് ക്രിസ്തു ദൈവത്തിന്റെ പുത്രൻ, ഏകജാതനായ പുത്രൻ, ആയിരുന്നു.
- ജഡാവതാരത്തിനുമുമ്പ് ക്രിസ്തു ദൈവപുത്രനായിരുന്നു വെങ്കിലും, ജഡാവതാരത്തിലൂടെ അവൻ ദിവ്യത്വവുമായി യാതൊരു ബന്ധവുമില്ലാത്ത മനുഷ്യപ്രകൃതം ധരിച്ചിരുന്ന തുകൊണ്ട് പുനരുത്ഥാനത്തിൽനിന്ന് ദൈവപുത്രനായി നിയുക്തനാക്കപ്പെടുവാൻ അവന് അപ്പോഴും ആവശ്യമുണ്ടായിരുന്നു.
  - തന്റെ പുനരുത്ഥാനത്തിലൂടെ ക്രിസ്തു തന്റെ മനുഷ്യ പ്രകൃതത്തെ, തന്റെ മനുഷ്യത്വത്തെ, വിശുദ്ധീകരിക്കു കയും ഉയർത്തുകയും, അവൻ പുനരുത്ഥാനത്തിൽ നിന്ന് ഈ മനുഷ്യപ്രകൃതത്തോടു കൂടിയ ദൈവപുത്ര നായി നിയുക്തനാക്കപ്പെടുകയും ചെയ്തു; ഈ അർഥത്തിൽ അവൻ തന്റെ പുനരുത്ഥാനത്തിൽ ദൈവപുത്രനായി ജനിപ്പിക്കപ്പെട്ടു.
- പുനരുത്ഥാനത്തിൽ നിയുക്തനാക്കപ്പെട്ടതിലൂടെ തന്റെ ജഡാവതാരത്തിനു മുമ്പേ ദൈവപുത്രനായിരുന്ന ക്രിസ്തു ഒരു പുതിയ രീതിയിൽ ദൈവ പുത്രനായിത്തീർന്നു.
  - ജഡാവതാരത്തിലൂടെ മനുഷ്യത്വം ധരിച്ചിട്ട്, പുനരുത്ഥാനത്തിൽ അവൻ മനുഷ്യത്വത്തോടുകൂടിയ ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടു.
- മനുഷ്യത്വത്തോടുകൂടിയ ദൈവപുത്രനെന്ന നിലയിൽ ക്രിസ്തു നിയുക്തനാക്കപ്പെട്ടത് "വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്" ആയിരുന്നു.
  - വിശുദ്ധിയുടെ ആത്മാവ് കർത്താവായ യേശുവിനുള്ളിലെ ജീവ സാരാംശമാണ്; അവൻ ഭൂമിയിൽ ജഡത്തിൽ ജീവിച്ചപ്പോൾ, അവന്റെ ഉള്ളിൽ ഈ സാരാംശം ഉണ്ടായിരുന്നു
  - കർത്താവായ യേശു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ, അവനിൽ ഉണ്ടായിരുന്ന വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് പുനരുത്ഥാനത്താൽ ശക്തിയിൽ ദൈവപുത്രനായി അവൻ നിയുക്തനാക്കപ്പെട്ടു
- നാം റോമർ 1:3-4-നെയും 8:29-നെയും തമ്മിൽ ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യമുണ്ട്
  - തന്റെ ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവയിലൂടെ, ദൈവപുത്രനായ ക്രിസ്തു ആദ്യജാതനായ പുത്രനായിത്തീരുകയും, ക്രിസ്തുവിന്റെ സഹോദരന്മാരായ അനേകം പുത്രന്മാർ അവന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു
  - റോമർ 1:3-4-ൽ, ദൈവപുത്രനായ ക്രിസ്തു, മൂലരൂപം ആണ്, എന്നാൽ 8:29-ൽ അനേകം സഹോദരന്മാർ മൂലരൂപത്തിൽനിന്ന് "വൻതോതിൽ ഉല്പാദിപ്പിക്കപ്പെട്ടവർ" ആണ്, അവർ ജീവനിൽ രക്ഷിക്കപ്പെടുന്നതിലൂടെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടും
  - ഇത് ദൈവവൽക്കരണത്തിന്റെ കാര്യത്തിലേക്ക് നമ്മെ കൊണ്ടുവരുന്നു. ക്രിസ്തുവിലുള്ള വിശ്വാസികളും ദൈവമക്കളുമായ നാം, ജീവനിലും സ്വഭാവത്തിലും സംരചനയിലും (എന്നാൽ ദൈവത്വത്തിലല്ല) ദൈവമായിത്തീരേണ്ടതിന് തന്നെത്തന്നെ മനുഷ്യനാക്കി എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥയിലെ അവന്റെ ഉദ്ദേശ്യം